**"ഭരണഭാഷ മാതൃഭാഷ"**
**കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ: സുധീർ. കെ ഐ.എ.എസ്)**

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - സോഷ്യോളജി വിഭാഗം പൊതു സ്ഥലം മാറ്റം 2024-2025 ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: DCETVM/4274/2024-A1 തിയതി: 17-07-2024

---

പരാമർശം: 1.ഈ ഓഫീസിലെ 16.02.2024 തീയതിയിലെ എ1/2746/2024/കോവിവ നമ്പർ സർക്കുലർ
2.10.06.2024 തീയതിയിലെ DCETVM/4274/2024-A1 നമ്പർ നടപടിക്രമം

## ഉത്തരവ്

സർക്കാർ കോളേജുകളിലെ സോഷ്യോളജി വിഭാഗം അദ്ധ്യാപകരുടെ 2024-2025 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം 2 പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് ഉത്തരവ് പ്രസിദ്ധീകരിച്ച് 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് സോഷ്യോളജി വിഭാഗത്തിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ചുവടെ കാണുന്ന പ്രകാരം സോഷ്യോളജി വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപികയെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ | പേരും ജോലി ചെയ്യുന്ന | സ്ഥലം മാറ്റം നൽകുന്ന |
|---|---|---|

| നമ്പർ | സ്ഥാപനവും | സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി. അരുണ യു.ജി<br>അസിസ്റ്റന്റ് പ്രൊഫസർ ഇൻ സോഷ്യോളജി<br>കെ.എൻ.എം. ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കാഞ്ഞിരംകുളം<br>(ഓപ്ഷൻ) | ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് തഴവ<br>(നിലവിലെ ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപിക നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

Signed by
Sudhir K
Date: 17-07-2024 10:11:57
സുധീർ കെ ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപികയ്ക്ക്

3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

5.എ / ബി സെക്ഷൻ സൂപ്രണ്ട്

6.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ് ,നാഗമ്പടം

ബ്രാഞ്ച് ഓഫീസ് കോട്ടയം

7.കരുതൽ ഫയൽ /ഓഫീസ് ഫയൽ